"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് **2024-25- " EXPERIENCE ETHNIC CUISINE NETWORK & KERALA AGRI TOURISM NETWORK-RESPONSIBLE TOURISM 2024-25"**– എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**639/2024/TSM** തീയതി,തിരുവനന്തപുരം, **05-11-2024**

---

പരാമർശം:-

1. **30-05-2019**-ലെ സ.ഉ (കൈ) നം.**03/2019**/ടൂറിസം.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ **04-06-2024**-ലെ **DOT/1535/2024-P7** നമ്പർ കത്ത്.
3. **08-07-2024**-ലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.
4. സ.ഉ (അച്ചടി) നം.**57/2024**/ധന തീയതി **17-07-2024.**
5. സ.ഉ (അച്ചടി) നം.**76/2024**/ധന തീയതി **31-08-2024.**
6. വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ **04-10-2024** ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരളത്തിലെ കാർഷിക പ്രവർത്തനങ്ങളെ വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെടുത്തി നടന്നുവരുന്ന പദ്ധതിയാണ് കേരള കാർഷിക വിനോദസഞ്ചാര ശൃംഖല **(KERALA AGRI TOURISM NETWORK).** കൂടാതെ, കേരളത്തിന്റെ തനതു രുചി ഭേദങ്ങൾ ടൂറിസ്റ്റുകൾക്ക് നാട്ടിൻ പുറങ്ങളിൽ നിന്നും പ്രത്യേകിച്ച് വീടുകളിൽ നിന്നും ആസ്വദിക്കാൻ അവസരം ഒരുക്കിക്കൊണ്ട് സ്ത്രീകൾക്കും വീട്ടമ്മമാർക്കും യുവതീ - യുവാക്കൾക്കും വരുമാനം ആർജ്ജിക്കുന്നതിനുള്ള പദ്ധതിയാണ് എക്സ്പീരിയൻസ് എത്തിക് കുസീൻ **(EXPERIENCE ETHNIC CUISINE NETWORK).**

**(2).** മേൽ പദ്ധതികളുടെ നടത്തിപ്പിനും, കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മേഖലയിലെ പ്രധാന മുന്നേറ്റവും റൂറൽ ടൂറിസം രംഗത്തെ നവീന ആശയവും ആയ അഗ്രിടൂറിസം യൂണിറ്റുകളെയും, എത്തിക് ക്യുസീൻ യൂണിറ്റുകളെയും, ഇതര

ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെയും ദേശീയ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനായുള്ള ഇന്ത്യൻ റൂറൽ & റെസ്പോൺസിബിൾ ടൂറിസം കോൺക്ലേവ് നടത്തുന്നതിനുമായി " **EXPERIENCE ETHNIC CUISINE NETWORK & KERALA AGRI TOURISM NETWORK-RESPONSIBLE TOURISM 2024-25**" എന്ന പദ്ധതിയ്ക്ക് ജി.എസ്.റ്റി ഉൾപ്പെടെ 75,00,000/- (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി പ്രൊപ്പോസൽ പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

(3). പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടുകൾ / പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചിലവ് (₹) |
|---|---|---|
| 1. | കുമരകത്തെ സമൃദ്ധി എത്തിക് ഫുഡ് റെസ്റ്റോറന്റിന് ഫർണിച്ചറും മറ്റു ഉപകരണങ്ങളും വാങ്ങി കൊടുത്തതിനു നൽകാനുള്ള ബില്ല് മാറി പണം സിഡ്കോ - ക്ക് നൽകുന്നതിനു വേണ്ടി | 7,95,064 /- |
| 2 | കേരളത്തിലെ ഏറ്റവും മികച്ച 20 അഗ്രി ടൂറിസം യൂണിറ്റുകൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് | 2,00,000 /- |
| 3 | കേളത്തിലെ മികച്ച 20 എത്തിക് കുസീൻ യൂണിറ്റുകൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് | 2,00,000 /- |
| 4 | 14 അഗ്രി ടൂറിസം യൂണിറ്റുകൾക്ക് പ്രവർത്തന ധനസഹായം നൽകുന്നതിന് | 3,50,000 /- |
| 5 | 25 എത്തിക് ക്യുസീൻ യൂണിറ്റുകൾക്ക് പ്രവർത്തന ധനസഹായം നൽകുന്നതിന് | 5,00,000/- |
| 6 | രണ്ടു ദിവസം നീണ്ടു നിൽക്കുന്ന ഇന്ത്യൻ റൂറൽ & അഗ്രിടൂറിസം കോൺക്ലേവ് | 54,54,936/- |
| | ***ആകെ തുക*** | ***75,00,000/-*** |

(4). 08-07-2024 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും, പദ്ധതി പ്രൊപ്പോസൽ ചില നിബന്ധനകളോടെ അംഗീകരിക്കുകയും ചെയ്തു.

(5). തുടർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് വർക്കിങ് ഗ്രൂപ്പ് അനുമതി

നൽകുന്നതിന് മുമ്പ് പ്രോജക്ടിന്റെ അനിവാര്യത പരിശോധിച്ച് ശിപാർശ ചെയ്യുന്നതിനായി പരാമർശം (4), (5) പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ **04-10-2024** ന് ചേർന്ന യോഗം പരാമർശം(6) പ്രകാരം വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതി വിഹിതമായ **351.42** കോടി രൂപ ചുരുക്കി **183.70** കോടി രൂപയായി നിജപ്പെടുത്തുകയും, മേൽ പദ്ധതിയ്ക്ക് ₹ **75,00,000/-** (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് അംഗീകാരം നൽകുകയുമുണ്ടായി.

(5). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "**EXPERIENCE ETHNIC CUISINE NETWORK & KERALA AGRI TOURISM NETWORK-RESPONSIBLE TOURISM 2024-25**" – എന്ന പദ്ധതിയ്ക്ക്, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, നടപ്പു സാമ്പത്തിക വർഷത്തെ **3452-80-104-89-Responsible Tourism (plan)** എന്ന ശീർഷകത്തിൽ നിന്നും ₹ **75,00,000/- (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

**(i) Cash award is limited to this year.**

**(ii) In principle sanction given to the conduct of Indian Rural and Agri Tourism Conclave.**

**(iii) Conduct of the conclave is subject to vetting of rates.**

**(iv) Individual components of the proposal should be approved by the KRTM Executive Committee.**

**(v) Agency selection should be through transparent bidding process.**

(6). പ്രസ്തുത പദ്ധതി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ, തിരുവനന്തപുരം
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
ധനകാര്യ (പ്ലാനിംഗ്) വകുപ്പ്
പി.ഐ. ഇ.എം വകുപ്പ്
വിനോദസഞ്ചാര (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/219/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 06-11-2024 15:19:26

സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
വിനോദസഞ്ചാര വകപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.